**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1935** **20-06-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കുന്ന വടക്കാഞ്ചേരി ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണം, മിണാലൂർ ഇ.എം.എസ്. ഇൻഡോർ സ്റ്റേഡിയം നിർമ്മാണം എന്നീ പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗ്രൗണ്ട് നിർമ്മാണത്തിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് എം.എൽ.എ. ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് തൃശ്ശൂർ ജില്ലാകളക്ടറുടെ ഭരണാനുമതി ലഭ്യമാവുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കായികവകുപ്പിന്റെ പദ്ധതിവിഹിതമായി 50 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതിയും കായികയുവജനകാര്യ ഡയറക്ടർ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 23.02.2024-ൽ 93.88 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ആദ്യ രണ്ട് ദർഘാസിലും കരാറുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് 27.04.2024-ൽ പുനർദർഘാസ് ക്ഷണിക്കുകയും ഒരു കരാറുകാരനിൽ നിന്നും ദർഘാസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ദർഘാസ് പരിശോധിച്ച് പ്രസ്തുത പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ച് വരുന്നു.<br><br>മിണാലൂർ ഇ.എം.എസ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 26.05.2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 145/2023/കാ.യു.വ. പ്രകാരം 1.41 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ പദ്ധതിയ്ക്കായി 1.34 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ആദ്യ രണ്ട് ദർഘാസിലും |

| | | | |
|---|---|---|---|
| | | | കരാറുകാർ ആരും തന്നെ പങ്കെടുക്കാതിരുന്നതിനാൽ 10.05.2024-ൽ പുനർദർഘാസ് ക്ഷണിക്കുകയും ഇതിൽ ഒരു കരാറുകാരനിൽ നിന്നും ദർഘാസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ദർഘാസ് പരിശോധിച്ച് പ്രസ്തുത പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ